(ബി) 14 താലൂക്കുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഒരു ജില്ലയുടേയും റീസർവ്വേ പ്രവർത്തനങ്ങൾ പൂർണ്ണമായി പൂർത്തിയാക്കിയിട്ടില്ല.

(സി) ഇപ്പോഴുള്ള സ്റ്റാഫിനെ പുനർവിന്യസിപ്പിച്ച് റീസർവ്വേ പൂർത്തീകരിക്കുന്നതാണ്.

വരുമാന സർട്ടിഫിക്കറ്റ്

58 (2114)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരുമാന സർട്ടഫിക്കറ്റിനുള്ള അപേക്ഷയുമായി വരുന്നവർക്ക് അപേക്ഷ തീയതി മുതൽ രണ്ട് ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

അപേക്ഷയെ സംബന്ധിച്ച് അന്വേഷണം നടത്തി മാത്രമേ സർട്ടിഫിക്കറ്റ് നൽകാനാവൂ. വളരെയധികം അപേക്ഷകൾ ഓരോ ദിവസവും വരുന്നതിനാലും പ്രാദേശിക അന്വേഷണം ആവശ്യമായതിനാലും രണ്ടു ദിവസം എന്നുള്ളത് കൂടുതൽ അന്വേഷണം ആവശ്യമുള്ള അപേക്ഷകളിൽ പ്രായോഗികമല്ല. ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം കൈക്കൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണെന്ന് കാണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭൂനികുതികളുടെ ഘടനയും തോതും

59 (2115)ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജോർജ്ജ് ജെ.മാത്യു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഭൂനികുതിയുടെ ഘടനയും തോതും എന്തായിരുന്നു;

(ബി) 1995-96- ൽ ഭൂനികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) ഇപ്പോഴത്തെ ഭൂനികുതിയുടെ ഘടനയും തോതുമെന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ തോതിൽ ഒരു വർഷം ഭൂനികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഫിനാൻസ് ആക്ട് 1993 പ്രകാരം ആർ ഒന്നിന് പഞ്ചായത്തു പ്രദേശങ്ങളിൽ 50 പൈസയും, മുനിസിപ്പൽ/ടൗൺഷിപ്പ് പ്രദേശങ്ങളിൽ 1 രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 2 രൂപയും ആയിരുന്നു ഭൂനികുതിയുടെ നിരക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly